# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 19 തിങ്കൾ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## സംയുക്ത പരിശോധന: മാടക്കത്തറയിൽ പ്രാഥമിക യോഗം ചേർന്നു

മലയോരത്ത് പട്ടയത്തിന് അപേക്ഷിച്ചവരുടെ കൈവശഭൂമിയുടെ റവന്യു-വനം വകുപ്പ് സംയുക്ത പരിശോധന പുനരാരംഭിക്കുന്നതിന് മാടക്കത്തറ പഞ്ചായത്തിൽ ചീഫ് വിപ്പ് അഡ്വ. കെ. രാജൻ, ജില്ലാ കളക്ടർ എസ്. ഷാനവാസ് എന്നിവർ പങ്കെടുത്ത് പ്രാഥമിക യോഗം ചേർന്നു. ഇന്ന് (ആഗ. 20) പഞ്ചായത്തിൽ രാവിലെ 9.30ന് നടക്കുന്ന തുടർ യോഗത്തിലും കളക്ടർ പങ്കെടുക്കും.

നിലവിൽ 192 അപേക്ഷകളാണ് വില്ലേജ് ഓഫീസിൽ ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. മറ്റ് അപേക്ഷകൾ അടുത്ത ഘട്ടത്തിൽ പരിഗണിക്കും. പട്ടയത്തിന് അപേക്ഷിച്ചവരുടെ കൈവശമുള്ള രേഖകൾ പരിശോധിക്കും. ബാക്കി ആവശ്യമായ രേഖകൾ ഏതൊക്കെയാണെന്ന് അറിയിക്കും. 1352 ഹെക്ടർ ഭൂമിയുടെ സംയുക്ത പരിശോധനയാണ് ജില്ലയിൽ ബാക്കിയുള്ളത്.

പട്ടയവുമായി ബന്ധപ്പെട്ട് എല്ലാ താലൂക്കിലും പഞ്ചായത്തിലും ജനപ്രതിനിധികളുടെയും റവന്യു, വനം വകുപ്പ് ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർത്തിട്ടുണ്ട്. തൃശൂർ താലൂക്കിലെ യോഗം ഇന്ന് (ആഗ. 20) ചേരും. ആഗസ്റ്റ് എട്ടിന് മന്ത്രി എ.സി. മൊയ്തീന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങളനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

പഞ്ചായത്ത് ഓഫീസിൽ ചേർന്ന യോഗത്തിൽ പഞ്ചായത്ത് പ്രസിഡൻറ്, അഡീഷനൽ തഹസിൽദാർ, മറ്റ് റവന്യു ഉദ്യോഗസ്ഥർ, വനംവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവരും പങ്കെടുത്തു.

## കേരള തീരത്ത് മൽസ്യബന്ധനത്തിന് തടസ്സമില്ല

കേരള തീരത്ത് മൽസ്യബന്ധനത്തിന് പോകുന്നതിൽ തടസ്സമില്ലെന്ന് കേന്ദ്ര കാലാവസ്ഥ നിരീക്ഷണ വകുപ്പ് അറിയിച്ചു. താഴെ പറയുന്ന സമുദ്രപ്രദേശങ്ങളിൽ മൽസ്യബന്ധനത്തിന് പോകരുതെന്ന് കേന്ദ്ര കാലാവസ്ഥ കേന്ദ്രം നിർദേശിക്കുന്നു.

ആഗസ്റ്റ് 21: തെക്കു പടിഞ്ഞാറ് ദിശയിൽനിന്ന് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ള തെക്ക് പടിഞ്ഞാറ് ബംഗാൾ ഉൾക്കടൽ.

22 മുതൽ 213 വരെ: തെക്ക് ദിശയിൽ നിന്ന് മണിക്കൂറിൽ 45 മുതൽ 55 കിലോമീറ്റർ വരെ വേഗതയിൽ ശക്തമായ കാറ്റ് വീശാൻ സാധ്യതയുള്ള തെക്ക് ബംഗാൾ ഉൾക്കടൽ.

## ജില്ലയിൽ അവശേഷിക്കുന്നത് 39 ക്യാമ്പുകൾ, 3730 പേർ

ജില്ലയിൽ കാലവർഷക്കെടുതിയെതുടർന്ന് തുറന്ന ദുരിതാശ്വാസ ക്യാമ്പുകളിൽ ഭൂരിഭാഗവും പിരിച്ചുവിട്ടു. നിലവിൽ 39 ക്യാമ്പുകളാണുള്ളത്. ഇവയിൽ 1221 കുടുംബങ്ങളിലെ 3730 പേർ കഴിയുന്നു. പുരുഷൻമാർ 1497, സ്ത്രീകൾ 1563, കുട്ടികൾ 670.

തലപ്പിള്ളി താലൂക്കിൽ ദുരിതാശ്വാസ ക്യാമ്പുകളില്ല. ചാലക്കുടിയിലും കുന്നംകുളത്തും ഓരോ ക്യാമ്പുകൾ മാത്രം. ചാലക്കുടി താലൂക്കിൽ കിഴക്കുംമുറി ഹെൽത്ത് സെൻററിലെ ഏക ക്യാമ്പിൽ ആറ് പേരുണ്ട്. കുന്നംകുളം താലൂക്കിൽ പോർക്കുളം കമ്യൂണിറ്റി ഹാളിലെ ക്യാമ്പിൽ 15 പേർ കഴിയുന്നു. മറ്റ് താലൂക്കുകളിലെ ക്യാമ്പുകൾ, ആകെ അന്തേവാസികൾ എന്ന ക്രമത്തിൽ ചുവടെ. തൃശൂർ: 16-2509. മുകുന്ദപുരം: 10-418. കൊടുങ്ങല്ലൂർ: 8-699. ചാവക്കാട്: 3-83.

# കാന്താരി മുളക് കൃഷി ചെയ്ത് കിട്ടിയ തുക ദുരിതാശ്വാസനിധിയിലേക്ക് നൽകി കുഞ്ഞു കർഷക

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് വേറിട്ട സമ്പാദ്യം സംഭാവനയായി നൽകി തമന്നയെന്ന കുഞ്ഞു കർഷക. ശ്രീനാരായണപുരം പടിഞ്ഞാറേ വെമ്പല്ലൂർ എ.എം.എൽ.പി സ ്കൂളിലെ നാലാം ക്ലാസ്സ് വിദ്യാർത്ഥിനിയായ തമന്ന ഫാത്തിമയാണ് താൻ സ്വന്തമായി ചെയ്യുന്ന കാന്താരിമുളക് കൃഷിയിൽ നിന്ന് കിട്ടിയ 1000 രൂപ സംഭാവനയായി നൽകിയത്.

സ്കൂൾ പ്രോജക്റ്റുകളുടെ ഭാഗമായി ചെയ്തു പോന്ന കൃഷിയിലേയ്ക്ക് തമന്നയുടെ കുഞ്ഞു മനസ്സ് ആകർഷിക്കപ്പെട്ടതാണ് കാന്താരിമുളക് കൃഷി ചെയ്യാൻ പ്രേരണ. കൃഷി ഓഫീസർ തങ്കരാജിന്റെ സഹായത്തോടെയാണ് വീടിന്റെ ടെറസിന്റെ മുകളിൽ മുളക് കൃഷി നടത്തി വരുന്നത്. കഴിഞ്ഞ പ്രളയകാലത്ത് നാണയങ്ങൾ നിറഞ്ഞ തന്റെ സമ്പാദ്യ കുടുക്കയും സംഭാവനയായി നൽകിയിരുന്നു. ഇത്തവണ എങ്ങനെ നൽകണം എന്നാലോചിച്ചു നോക്കിയപ്പോഴാണ് വിളവെടുപ്പ് നടത്തിയാൽ സംഭാവനയ്ക്കുള്ള പണം നൽകാനാകും എന്നോർത്തത്. വിളവെടുപ്പിൽ കർഷക മിത്ര തൃശ്ശൂർ ജില്ലാ സെക്രട്ടറി സജികുമാർ, കൃഷി ഓഫീസർമാരായ തങ്കരാജ്, അജി, ലബീന, സ്കൂൾ പ്രധാന അദ്ധ്യാപിക സീനത്ത്, നൂജൻ മാസ്റ്റർ തുടങ്ങിയവർ പങ്കാളികളായി. കർഷകമിത്ര തമന്നയ്ക്ക് നൽകിയ പണം കയ്പമംഗലം എംഎൽഎ ഇ ടി ടൈസൺ മാസ്റ്ററുടെ പ്രതിനിധി എൻ.സി പ്രശാന്ത് ഏറ്റു വാങ്ങി. എംഎൽഎ ഇ.ടി ടൈസൺ മാസ്റ്ററുടെ പേഴ്സ്ണൽ സ്റ്റാഫും ഷോർട്ട് ഫിലിം, ഡോക്യുമെന്ററി ഡയറക്ടറുമായ ഷെമീർ പതിയാശ്ശേരിയുടെയും അധ്യാപിക ഷാഹിറയുടെയും മകളാണ് തമന്നാ ഫാത്തിമ.

**(പടം ഉണ്ട്)**

# പ്രളയബാധിതർക്ക് സഹായവുമായി പ്രവാസിയായ വർഗ്ഗീസും കുടുംബവും

ബഹ്റൈൻ പ്രവാസി ഡ്രൈവർ സി വി വർഗ്ഗീസിന്റെ കുടുംബത്തിൽ നിന്ന് മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിലേക്ക് 50000 രൂപയുടെ ധനസഹായം. 36 വർഷമായി ബഹ്റൈനിൽ ഡ്രൈവറായി ജോലി നോക്കുന്ന വർഗ്ഗീസിന്റെ കുടുംബാംഗങ്ങൾ ജില്ലാ കളക്ടറുടെ ചേമ്പറിൽ എത്തിയാണ് ജില്ലാ കളക്ടർ എസ് ഷാനവാസിന് തുക കൈമാറിയത്. ഭാര്യ ആനി 25000 രൂപയും മകളായ ഡെയ്സിയും പേരക്കുട്ടി മിഷേലും ചേർന്ന് 25000 രൂപയുടെ ചെക്കുമാണ് ജില്ലാ കള ക്ടർക്ക് നൽകിയത്. കഴിഞ്ഞ പ്രളയകാലത്തും 25000 രൂപയുടെ ധനസഹായം ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിരുന്നു ഈ മനുഷ്യസ്നേഹി. ചാവക്കാട് താലൂക്കിലെ ഗുരുവായൂർ കാവീട് സ്വദേശിയാണ് ഇദ്ദേഹം. ചെറിയ ശമ്പളത്തിൽ നിന്നും മാറ്റിവെച്ച തുകയാണ് ഇദ്ദേഹം പ്രളയതാ തന അനുഭവിക്കുന്നവരെ സഹായിക്കാനായി നൽകിയത്. വീടും കൃഷിയും മറ്റു വസ്തുവകകളും നഷ്ടപ്പെട്ടവരുടെ ദു:ഖത്തിൽ പങ്കുചേരുന്നതായി കുടുംബാംഗങ്ങൾ അറിയിച്ചു.

**(പടം ഉണ്ട്)**

# സിഎംഡിആർഎഫിലേക്ക് സഹായവുമായി തൊഴിലുറപ്പ് ജീവനക്കാരി സരള

ഒരു വർഷത്തെ തൊഴിലുറപ്പ് പദ്ധതിയിൽ ജോലി ചെയ്ത് നേടിയ തുകയിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് 15555 രൂപ സംഭാവന നൽകി അവിണിശ്ശേരിയിൽ സരള. മഹാത്മാഗാന്ധി നാഷണൽ റൂറൽ എംപ്ലോയ്മെന്റ് ഗ്യാരന്റി പദ്ധതിയിൽ അവിണിശ്ശേരി യൂണിറ്റിൽ കഴിഞ്ഞ 10 വർഷമായി ദിവസകൂലി അടിസ്ഥാനത്തിൽ സരള ജോലി നോക്കുന്ന സരള ചീഫ് വീപ്പ് അഡ്വ. കെ രാജൻ മുഖേനയാണ് ചെക്ക് ജില്ലാ കളക്ടർ എസ് ഷാനവാസിന് കൈമാറിയത്. കഴിഞ്ഞ ഒരു വർഷത്തെ വേതനം ബാങ്കിൽ വന്ന ഉടനെയാണ് സരള ഈ തുക ദുരിതാശ്വാസനിധിയിലേക്ക് കൈമാറാൻ തീരുമാനിച്ചത്. കഴിഞ്ഞ പ്രളയകാലത്തും ദുരിതം അനുഭ വിച്ച കാട്ടൂർ നിവാസികൾക്ക് മൂന്ന് ചാക്ക് അരി നൽകിയിരുന്നു. മൂന്ന് മക്കളാണ് സരളക്ക്. രണ്ട് പെണ്ണും ഒരാണും. ഒരു മകളെ കൂടെ വിവാഹം കഴിച്ചയ്ക്കാനുള്ള തത്രപ്പാടിനിടിയിലും ആണ് ഈ മനുഷ്യസ്നേഹി ഈ തുക മറ്റുള്ളവരുടെ വേദനയകറ്റാൻ നൽകിയത്.

# മാലിന്യമുക്ത പരിസരമൊരുക്കാൻ ക്ലീൻ പെരിഞ്ഞനം; വീടുകൾക്ക് ഇനി മുതൽ ഗ്രീൻ-ക്ലീൻ കാർഡുകൾ

ജനങ്ങളുടെ ആരോഗ്യസുരക്ഷയ്ക്ക് മാലിന്യമുക്തപരിസരമൊരുക്കാൻ പെരിഞ്ഞനം പഞ്ചായത്തിൽ ക്ലീൻ പെരിഞ്ഞനം പദ്ധതി. പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിലെ മുഴുവൻ വീടുകൾക്കും ഗ്രീൻ-ക്ലീൻ കാർഡുകൾ നൽകും. എല്ലാ വീടുകൾക്കും മാലിന്യപദ്ധതിയിൽ അംഗത്വത്തിനായാണ് ഗ്രീൻ കാർഡ് നൽകുക. നികുതി അടയ്ക്കുന്നതോടൊപ്പം ഗ്രീൻ കാർഡ് നിർബന്ധമാക്കും. കാർഡ് എടുക്കുന്ന മുഴുവൻ ആളുകൾക്കും പഞ്ചായത്ത് സംബന്ധമായ സേവനങ്ങൾക്കും മുൻഗണന നൽകുകയും ചെയ്യും. ഓരോ വീടുകളിലെയും മാലിന്യത്തിന്റെ പ്രോഗ്രസ് കാർഡാവും ക്ലീൻ കാർഡ്. മാലിന്യസംസ്കരണം, വൃത്തി, കൊതുക് നശീകരണം, പച്ചക്കറി വളർത്തൽ എന്നിവയെ അടിസ്ഥാനമാക്കി പഞ്ചായത്ത് പുരസ്കാരവും നൽകും.

2020 ജനുവരി ഒന്നിന് 'സമ്പൂർണ മലിന്യമുക്തമായ പഞ്ചായത്ത്' എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി മുന്നേറുന്നത്. ഇതിനായി വിപുലമായ പരിപാടികളാണ് നടപ്പിലാക്കുന്നു. മാലിന്യമുക്തമാകാൻ ആദ്യമായി പഞ്ചായത്തിലെ 6000 വീടുകളിൽ നിന്നും 1650 കടകളിൽ നിന്നുള്ള മാലിന്യങ്ങളുടെ കണക്കെടുപ്പ് നടത്തി ഏകദേശ അളവ് കണക്കാക്കി. പതിനാലാം വാർഡിൽ 43 സെന്റ് സ്ഥലം മാലിന്യ സംസ്കരണ പ്ലാന്റിനായി മാറ്റി വെച്ചു. പ്ലാസ്റ്റിക് സംസ ്കരണത്തിനായി 15 കെ.വി ശേഷിയുള്ള ഷ്രഡ്ഡിംഗ് മെഷീൻ, പ്ലാസ്റ്റിക് വൃത്തിയാക്കാൻ ക്ളീനിംഗ് മെഷീൻ ഡയർ, പ്ലാസ്റ്റിക് കെട്ടുകളാക്കി ശേഖരിക്കാൻ ബെയിലിങ്ങ് മെഷീൻ, നാപ്കിൻ ഡിസ്ട്രോയർ, ബാഗുകളും ചെരിപ്പുകളും ഇല്ലാതാക്കുന്ന ചിതലിടങ്ങൾ, എല്ലാ മാസവും ഒന്നിന് വീടുകളിൽ നിന്നും എല്ലാ മാസവും 16ന് മൂന്നുപീടിക-പെരിഞ്ഞനം ദേശീയപാതയോരത്തെ കടകളിൽ നിന്നും തുടർച്ചയായ പ്ലാസ്റ്റിക് ശേഖരണം, മാലിന്യശേഖരണത്തിനായി സ്വന്തമായി വാഹനം, എല്ലാ വീടുകൾക്കും രണ്ട് തുണിസഞ്ചി, മലിനജലം ഒഴുക്കി വിടുന്ന സോക്പിറ്റു സൗജന്യമായി നിർമ്മിച്ചു നൽകൽ എന്നിവ ഇതിന്റെ ഭാഗമാണ്. എല്ലാ സ്കൂളുകളിലും ഓഡിറ്റോറിയങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കും, തുമ്പൂർമുഴി മോഡൽ ജൈവ മാലിന്യം സംസ്കരണം, കുപ്പിച്ചില്ലുകൾ, ഗ്ലാസ്സുകൾ എന്നിവ രണ്ട് മാസം കൂടുമ്പോഴും ബാഗുകൾ, ചെരിപ്പുകൾ എന്നിവ മൂന്ന് മാസം കൂടുമ്പോഴും ഇലക്ട്രോണിക് മാലിന്യങ്ങൾ ആറ് മാസത്തിലൊരിക്കലും ശേഖരിക്കും, ബോധവത്കരണ പരിപാടികൾ, പ്രസംഗം, നാടകം എന്നിവ 40 കേന്ദ്രങ്ങളിലായി സംഘടിപ്പിക്കുന്നു. ശുചിത്വഗ്രാമസഭകൾ സംഘടിപ്പിച്ചു. വാർഡ് തലത്തിൽ 30 പേരടങ്ങുന്ന ശുചിത്വസേന, ഹരിതകർമ്മസേനാംഗങ്ങൾക്ക് മതിയായ വേതനം, ഓരോ ആഴ്ചയിലും ആരോഗ്യവകുപ്പിന്റെ കർശന പരിശോധന, ശുചിത്വ ഹർത്താൽ, ശുചിത്വ പ്രഖ്യാപനം എന്നിവ നടത്തും.

ഇത് കൂടാതെ ഒക്ടോബർ 2 ന് വിവിധ പരിപാടികളും സംഘടിപ്പിക്കുന്നു. ഒക്ടോബർ 2 ന് മുമ്പായി കടകളിൽ നിന്ന് പ്ലാസ്റ്റിക് കവർ വിമുക്തമാക്കും. ഒക്ടോബർ 2 ന് ഗോബർധൻ പ്ലാന്റ് പ്രവർത്തന ക്ഷമമാക്കുകയും അന്ന് മുതൽ അറവുശാലകളിലെ മാലിന്യം ഹരിതകർമ്മ സേനാംഗങ്ങൾ ശേഖരിച്ച് പ്ലാന്റിൽ എത്തിക്കുകയും ചെയ്യും. വീടുകളിലെയും ഹോട്ടലുകളിലെയും ജൈവ മാലിന്യം ഉത്പാദിപ്പിക്കുന്നവർ തന്നെ നിർമ്മാർജ്ജനം ചെയ്യണമെന്നാണ് നിർദേശം. ക്ലീൻ പെരിഞ്ഞനത്തിനായി ഓരോ വ്യക്തിയുടെ കടമകളും ഹരിതനിയമങ്ങളും പ്രതിപാദിക്കുന്ന വിശദമായ ബ്രോഷറും പഞ്ചായത്ത് പുറത്തിറക്കിയിട്ടുണ്ട്. പഞ്ചായത്തിനെ മാലിന്യമുക്തമാക്കാൻ പെരിഞ്ഞനം സർവ്വീസ് സഹകരണ ബാങ്ക്, റോട്ടറി ക്ലബ്ബ്, എസ്.എൻ. സ്മാരകം യു.പി സ്കൂൾ, പെരിഞ്ഞനം സ്പീച്ച് അക്കാദമി, ഫെഡറൽ ബാങ്ക്, ശാസ്ത്രസാഹിത്യപരിഷത്ത് എന്നിവയുടെ സഹകരണവും പഞ്ചായത്തിനുണ്ട്. കഴിഞ്ഞ മൂന്ന് വർഷമായി മാലിന്യസംസ്കരണത്തിനായി പദ്ധതി വിഹിതത്തിന്റെ 10 ശതമാനം ശുചിത്വപ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചത്. ഈ പ്രത്യേകതകളെല്ലാം പരിഗണിച്ചാണ് ജില്ലയിലെ 86 പഞ്ചായത്തുകളിൽ നിന്ന് മൂന്ന് മാതൃക പഞ്ചായത്തുകളിലൊന്നായി പെരിഞ്ഞനത്തെ തെരഞ്ഞെടുത്തതെന്ന് പഞ്ചായത്ത് പ്രസിഡന്റ് കെ.കെ സച്ചിത്ത് അറിയിച്ചു.

## ശരണ്യ: യോഗം 29 ന്

ശരണ്യ സ്വയം തൊഴിൽ സഹായ പദ്ധതിയുടെ ജില്ലാതല സമിതി യോഗം ആഗസ്റ്റ് 29 രാവിലെ 10.30 ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേരും.

## മംഗല്യ പദ്ധതി:
## അപേക്ഷ ക്ഷണിച്ചു

വനിതാ ശിശുവികസന വകുപ്പ് സാധുക്കളായ വിധവകൾക്കും നിയമപരമായി വിവാഹ മോചനം നേടിയവർക്കും പുനർവിവാഹത്തിന് 25000 രൂപ ധനസഹായം നൽകുന്ന മംഗല്യ പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷയോടൊപ്പം ബന്ധപ്പെട്ട രേഖകളായ പുനർവിവാഹം രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ്, ആദ്യ വിവാഹത്തിലെ ഭർത്താവിന്റെ മരണസർട്ടിഫിക്കറ്റ്, വിവാഹം ബന്ധം വേർപ്പെടുത്തിയത് സംബന്ധിച്ച കോടതി ഉത്തരവ്, ബാങ്ക് പാസ് ബുക്കിന്റെ ആദ്യ പേജ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ആഗസ്റ്റ് 25 നകം അതത് ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ശിശുവികസന പദ്ധതി ഓഫീസർക്ക് നൽകണം. ഫോൺ : 0487-2321689.

## അപേക്ഷ ക്ഷണിച്ചു

തിരുവനന്തപുരം കെൽട്രോൺ നോളജ് സെന്ററിൽ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയ്ൻ മാനേജ്മെന്റ്, അനിമേഷൻ ആൻഡ് മൾട്ടീമീഡിയ കോഴ്സിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകളുമായി നേരിട്ട് എത്തി അപേക്ഷ സമർപ്പിക്കാം. www.ksg.keltron.in എന്ന വെബ്സൈറ്റിലും അപേക്ഷ ഫോം ലഭ്യമാണ്. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 30. വിശദവിവരങ്ങൾക്ക് 0471-2325154/4016555 എന്ന ഫോൺ നമ്പറിലോ, കെൽട്രോൺ നോളജ് സെന്റർ, രണ്ടാം നില, ചെമ്പിക്കലം ബിൽഡിംഗ്, ബേക്കറി-വിമൻസ് കോളേജ് റോഡ്, വഴുതയ്ക്കാട് പി ഒ, തിരുവനന്തപുരം എന്ന വിലാസത്തിലോ ബന്ധപ്പെടുക.

## വാട്ടർ അതോറിറ്റി ബിൽ
## പരാതി 10 ദിവസത്തിനകം നൽകാം

കേരള വാട്ടർ അതോറിറ്റി ഉപഭോക്താക്കൾക്ക് വാട്ടർ ബില്ലിനെക്കുറിച്ച് പരാതിയുണ്ടെങ്കിൽ ലഭിച്ച ബില്ലുമായി 10 ദിവസത്തിനകം നേരിട്ട് ഓഫീസുമായി ബന്ധപ്പെടണമെന്ന് അറിയിച്ചു. ബിൽ ലഭിച്ച് എഴ് പ്രവൃത്തിദിവസത്തിന് ശേഷം മാത്രമേ ബിൽ തുക സ്വീകരിക്കൂ. ബിൽ തുക രാവിലെ 10 മുതൽ വൈകീട്ട് അഞ്ച് വരെ ഓഫീസിൽ സ്വീകരിക്കും. മുൻ കുടിശ്ശിക അടയ്ക്കുവാൻ ബാക്കിയുണ്ടെങ്കിൽ ബില്ലിൽ പറയുന്ന അവസാന തീയതി ബാധകമല്ല. ഏതെങ്കിലും കാരണവശാൽ ബിൽ ലഭിക്കാതെ വന്നാൽ ഓഫീസുമായി ബന്ധപ്പെടണം. ദൈമാസ ബില്ലിൽ പുതിയ റീഡിങ് ലഭിക്കാത്ത സാഹചര്യത്തിൽ മുൻകാല ഉപഭോഗമനുസരിച്ച് ബിൽ നൽകാം. പിന്നീട് റീഡിങ് ലഭിക്കുന്ന മുറയ്ക്ക് ബിൽ തുകയിൽ വരുന്ന വ്യത്യാസം അടുത്ത ബില്ലിൽ രേഖപ്പെടുത്തും. വാട്ടർ മീറ്ററുകൾ സ്ഥാപിച്ചിട്ടുള്ള പരിസരം റീഡിങ് എടുക്കാൻ പര്യാപ്തമായ വിധത്തിൽ വൃത്തിയായി സൂക്ഷിക്കണം. പ്രവർത്തനരഹിതമായ വാട്ടർ മീറ്റർ വാട്ടർ അതോറിറ്റിയുടെ അനുവാദത്തോടുകൂടി 30 ദിവസത്തിനുള്ളിൽ മാറ്റി സ്ഥാപിക്കണം.

ഗാർഹിക ഉപഭോക്താക്കൾ ഗാർഹികേതര ഉപയോഗത്തിന് ശുദ്ധജലം ഉപയോഗിക്കുന്നതിനായി ബന്ധപ്പെട്ട് അസി. എക്സി. എഞ്ചീനിയറുടെ അനുവാദത്തോടെ കാറ്റഗറി മാറ്റണം. അല്ലാത്തപക്ഷം മറ്റൊരറിയിപ്പു കൂടാതെ ഗാർഹികേതര വിഭാഗത്തിലേക്ക് മാറ്റും. കെട്ടിടം പൂർണ്ണമായോ ഭാഗികമായോ പൊളിച്ചു മാറ്റുകയോ പുതുക്കി പണിയുകയോ ചെയ്യുന്ന പക്ഷം വാട്ടർ അതോറിറ്റിയെ അനുസരിച്ച് നിയമാനുസൃതമായി കണക്ഷൻ വിച്ഛേദിക്കണം. വാട്ടർ കണക്ഷനുള്ള കെട്ടിടം ക്രയവിക്രയം നടത്തുമ്പോൾ പുതിയ ഉടമസ്ഥന്റെ പേരിലേക്ക് കണക്ഷൻ മാറ്റണം. അല്ലാത്ത പക്ഷം പ്രസ്തുത കണക്ഷനിൽ പിന്നീട് വരുന്ന ബാധ്യതകൾ, നിലവിൽ ആരുടെ പേരിലാണോ കൺക്ഷൻ അവരിൽ നിന്ന് ഈടാക്കും. വാട്ടർ കണക്ഷനുമായി ബന്ധപ്പെട്ട ഡിസ്ട്രബ്യൂഷൻ ലൈൻ മുതൽ വാട്ടർ മീറ്റർ വരെയുള്ള സർവീസ് പൈപ്പിന്റെ അറ്റുകുറ്റപ്പണികളും വാട്ടർ അതോറി

ലൈസൻസുള്ള പ്ലംബർ മുഖാന്തിരം ഉപഭോക്താവിന്റെ ചിലവിൽ ചെയ്യണം. ശുദ്ധജലം പാഴാക്കുന്നതോ/ദുരുപയോഗം ചെയ്യുന്നതോ ശ്രദ്ധയിൽപെട്ടാൽ 0487-2330402, 2333070 എന്നീ നമ്പറുകളിൽ അറിയിക്കണം. ഫോൺ നമ്പർ ഇതുവരെയും രജിസ്റ്റർ ചെയ്യാത്ത ഉപഭോക്താക്കൾ വാട്ടർ അതോറിറ്റിയുടെ വാട്ടർ വർക്സ് സബ് ഡിവിഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്യണം. ബില്ലുകൾ ഇതുവരെ ലഭിക്കാത്ത ഉപഭോക്താക്കൾ ഓഫീസുമായി ബന്ധപ്പെടണമെന്ന് വാട്ടർ അതോറിറ്റി അസി. എക്സി. എഞ്ചിനീയർ അറിയിച്ചു.

# മുള/ചൂരൽ ഉൽപന്ന നിർമ്മാണ സംരംഭകർക്ക് പരിശീലന പരിപാടി തുടങ്ങി

പീച്ചി കേരള വനഗവേഷണ സ്ഥാപനത്തിൽ നടക്കുന്ന മുള/ചൂരൽ അധിഷ്ഠിത ഉൽപന്ന നിർമ്മാണ സംരംഭകർക്കായി നടത്തുന്ന അഞ്ചുദിവസത്തെ മാനേജ്മെന്റ് ഡവലപ്പ്മെന്റ് പ്രോഗ്രാം കെഎഫ്ആർഐ എക്സ്റ്റൻഷൻ ആൻഡ് ട്രെയിനിങ് സെന്ററിൽ ബാംബൂ കോർപ്പറേഷൻ ചെയർമാൻ കെ ജെ ജേക്കബ് ഉദ്ഘാടനം ചെയ്തു. കെഎഫ്ആർഐ രജിസ്ട്രാർ ബി ബിജു അദ്ധ്യക്ഷത വഹിച്ചു. മുൻ ഡയറക്ടർ ഡോ. ടി കെ ദാമോദരൻ പദ്ധതി അവലോകനം അവതരിപ്പിച്ചു. പദ്ധതി ഡയറക്ടർ ഡോ. കെ വി മുഹമ്മദ് കുഞ്ഞി, കെയിൻ ആൻഡ് ബാംബൂ മാനുഫാക്ചറേഴ്സ് അസോസിയേഷൻ പ്രസിഡണ്ട് എം പി ജെയ്സൺ, കേരള കാർഷിക സർവകലാശാല അഗ്രി ബിസിനസ് മാനേജ്മന്റ് മുൻ ഡയറക്ടർ പ്രൊഫ. ഫിലിപ്പ് സാബു, ഉറവ് അദ്ധ്യക്ഷൻ ഡോ. കെ വി അബ്ദുള്ളകുട്ടി എന്നിവർ ആശംസ നേർന്നു. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് ബാംബൂ മിഷൻ, ഇഡിഐഐ, കേരള കാർഷിക സർവകലാശാല, മുള/ചൂരൽ രംഗത്തെ ഗവേഷണ-വ്യവസായ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ വിദഗ്ധരുടെ നേതൃത്വത്തിലാണ് പരിശീലനം. ആഗസ്റ്റ് 23 ന് സമാപിക്കുന്ന പരിശീലനത്തിൽ സംരംഭകരുടെ മുളയുൽപ്പന്നങ്ങളുടെ പ്രദർശനം, മുളയധിഷ്ഠിത കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്.

**(പടം ഉണ്ട്)**

# വായ്പ യോഗ്യത നിർണ്ണയ ക്യാമ്പ് ആഗസ്റ്റ് 21 ന്

നോർക്ക റൂട്ട്സ് പ്രവാസി പുനരധിവാസ പദ്ധതിയും ഇന്ത്യൻ ഓവർസീസ് ബാങ്കും സംയുക്തമായി വായ്പ യോഗ്യത നിർണ്ണയ ക്യാമ്പ് നടത്തുന്നു. ആഗസ്റ്റ് 21 രാവിലെ പത്തിന് കുന്നംകുളം ചൊവ്വന്നൂർ അറേബ്യൻ പാലസ് വെഡിങ്ങ് ഹാളിൽ കെ വി അബ്ദുൾ ഖാദർ എംഎൽഎ ക്യാമ്പ് ഉദ്ഘാടനം ചെയ്യും. കുന്നംകുളം മുനിസിപ്പൽ ചെയർപേഴ്സൺ സീത രവീന്ദ്രൻ അദ്ധ്യക്ഷത വഹിക്കും. മുനിസിപ്പൽ കൗൺസിലർ പി ഐ തോമസ്, നോർക്ക റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ ഹരികൃഷ്ണൻ നമ്പൂതിരി, നോർക്ക റൂട്ട്സ് ജനറൽ മാനേജർ സി ജഗദീഷ്, ഐഒബി ചീഫ് റീജ്യണൽ മാനേജർ എം നാരായൺ നായർ, സിഎംഡി ഡയറക്ടർ ഡോ. ജി സുരേഷ് തുടങ്ങിയവർ പങ്കെടുക്കും.

താൽപര്യമുള്ളവർ നോർക്ക് റൂട്ട്സിന്റെ വെബ്സൈറ്റായ www.norkaroots.org യിൽ എൻഡിപിആർഇഎം ഫീൽഡിൽ ആവശ്യഖേകളായ പാസ്പോർട്ട്, പദ്ധതിയുടെ വിവരണം, അപേക്ഷകന്റെ ഫോട്ടോ എന്നിവ അപ്ലോഡ് ചെയ്ത് മുൻകൂർ പേര് രജിസ്റ്റർ ചെയ്യണം. തുടങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതിയുടെ അടങ്കൽ തുക ഉൾപ്പെടെ ലഘു വിവരണവും, രണ്ട് വർഷത്തെ വിദേശവാസം തെളിയിക്കുന്ന പാസ്പോർട്ട്, റേഷൻ കാർഡ്, ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ അസ്സലും പകർപ്പും മൂന്ന് പാസ്പോർട്ട് സൈസ് ഫോട്ടോയും ക്യാമ്പിൽ കൊണ്ടുവരണം. ഫോൺ : 0471-2329738, 18004253939 (ടോൾഫ്രീ-ഇന്ത്യ), 00918802012345 (വിദേശം), 0471-2770581 (മിസ്ഡ്കോൾ സേവനം).

## നന്മയുടെ പാഠവുമായി സ്കൗട്ട് ആൻഡ് ഗൈഡ് യൂണിറ്റ്

മണലൂർ ഗവ. ഹയർ സെക്കന്ററി സ്കൂളിലെ സ്കൗട്ട് ആൻഡ് ഗൈഡ്സ് യൂണിറ്റ് പ്രളയബാധിതർക്കു സഹായമായെത്തി . മണലൂർ പഞ്ചായത്ത് പരിധിയിൽ ഉള്ള ദുരിതാശ്വാസ ക്യാമ്പുകളിൽ നിന്ന് പിരിഞ്ഞുപോകുന്ന കുടുംബങ്ങൾക്ക് വീടും പരിസരവും വൃത്തിയാക്കാൻ സ ്കൂളിന്റെ സ്വന്തം ബ്രാൻഡായ 'നക്ഷത്ര 'ക്ലീനിംഗ് ഉൽപ്പന്നങ്ങളാണ് കുട്ടികൾ തന്നെ നിർമ്മിച്ച് നൽകിയത്. കനത്തമഴയിൽ മണലൂർ പ്രദേശത്തെ മിക്ക വീടുകളും വെള്ളത്തിലായിരുന്നു. സെന്റ് തെരേസാസ് യൂ പി സ്കൂൾ, സെന്റ് ഇഗ്നേഷ്യസ് യൂ പി, സെൻറ് തോമസ് കാഞ്ഞാണി എന്നീ സ്കൂളുകളിലെ ക്യാമ്പുകളിലെ കുടുംബങ്ങൾക്കാണ് ശുചീകരണ ഉത്പന്നങ്ങൾ നൽകിയത്. ഇവരുടെ സ്കൂളിലും ദുരിതാശ്വാസക്യാമ്പ് പ്രവർത്തിച്ചിരുന്നു. പ്രളയബാധിതരുടെ ദുഃഖത്തിൽ പങ്കുചേർന്നു തങ്ങളെക്കൊണ്ടാകുന്ന രീതിയിൽ സഹായിക്കണമെന്ന് കുട്ടികളുടെ ആഗ്രഹത്തിന്റെ ഫലമായാണ് തങ്ങൾ പഠിച്ച ഉൽപ്പന്നനിർമ്മാണ വിദ്യകളിലൂടെ ദുരിതബാധിതരെ സഹായിക്കാൻ ഇവർ മുന്നിട്ടറങ്ങിയത്. സ്കൂളിൽ വെള്ളപ്പൊക്കം നേരിട്ട കുട്ടികളുടെ വീട്ടിൽ ശുചീകരണത്തിന് പോകാനും നിറഞ്ഞ മനസ്സോടെ ഈ വിദ്യാർത്ഥികൾ തയ്യാറായിരുന്നു. പ്ലസ് വൺ, പ്ലസ് ടു വിദ്യാർത്ഥികളുടെ സ്കൗട് ആൻഡ് ഗൈഡ് കൂട്ടായ്മയാണ് നക്ഷത്ര എന്ന പേരിൽ സോപ്, സോപ്പുപൊടി, ഫ്ളാർ ക്ലീനർ,, ആഭരണങ്ങൾ എന്നിങ്ങനെ 15 ഓളം വസ്തുക്കൾ സ്കൂളിൽ നിർമ്മിക്കുന്നത്. കഴിഞ്ഞ വർഷം 'നക്ഷത്ര' എന്ന പേരിൽ ആരംഭിച്ച ഉൽപ്പന്ന നിർമ്മാണം സ ്കൂളിന്റെയും കുട്ടികളുടെയും ഉന്നതിക്കായി ഉപയോഗപ്പെടുത്താനാണ് യൂണിറ്റിന്റെ തീരുമാനം. എല്ലാവിധ പിന്തുണകളുമായി സ്കൂൾ പ്രിൻസിപ്പൽ ഉഷ ടീച്ചർ, പി ടി എ പ്രസിഡന്റ് എം ആർ മോഹനൻ, സ്കൗട്ട് മാസ്റ്റർ ഷക്കീല മുഹമ്മദ് സുലൈമാൻ, ഗൈഡ് ക്യാപ്റ്റൻ സിജി എൻ എസ് എന്നിവരും കുട്ടികളോടൊപ്പമുണ്ട്.

## വാഹനലേലം

ട്രഷറി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള കെഎൽ 01 എഎസ് 7935 മാരുതി ഒമ്നി (എൽപി ജി) വാഹനം സെപ്റ്റംബർ അഞ്ച് രാവിലെ 11 ന് തൃശൂർ ജില്ലാ ട്രഷറി ഓഫീസിൽ ലേലം ചെയ്യും. ലേലത്തിൽ പങ്കെടുക്കുന്നതിന് സെപ്റ്റംബർ നാല് വൈകീട്ട് അഞ്ച് മണിവരെ സീൽ ചെയ്ത ക്വട്ടേഷൻ ജില്ലാ ട്രഷറി ഓഫീസിൽ സ്വീകരിക്കും. ഫോൺ : 0487-2360348.

## പമ്പാമണൽ ഇ-ലേലം

കഴിഞ്ഞ വർഷം ആഗസ്റ്റിലുണ്ടായ പ്രളയത്തെ തുടർന്ന് പമ്പാനദിയിൽ അടിഞ്ഞുകൂടിയതും പ്ലാപ്പള്ളി ഫോറസ്റ്റ് സ്റ്റേഷനിലെ പമ്പ ഹിൽടോപ്പ്, ചക്കുപാലം-1 എന്നീ സ്ഥലങ്ങളിൽ ശേഖരിച്ചിരിക്കുന്നതുമായ മണലിന്റെ ഇ-ലേലം ആഗസ്റ്റ് 30, സെപ്റ്റംബർ 17, 30, ഒക്ടോബർ 10, 25 എന്നീ തീയതികളിൽ നടക്കും. 1000 ക്യുബിക് മീറ്റർ മണൽ വീതമുള്ള ഓരോ ലോട്ടുകളിലായാണ് ലേലം നടക്കുക. ആകെ 57 ലോട്ടുകളിലായി നടക്കുന്ന ലേലത്തിൽ 29 എണ്ണ ത്തിന്റെ ലേലം രാവിലെയും 28 എണ്ണത്തിന്റേത് ഉച്ചക്കു ശേഷവും നടക്കും. കെട്ടിടനിർമ്മാണ പ്രവൃത്തികൾക്കും ലാൻഡ്സ്കേപ്പിംഗിനും ഈ മണൽ അനുയോജ്യമാണെന്ന് ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. രജിസ്ട്രേഷൻ, നിരതദ്രവ്യം കെട്ടിവെയ് ക്കൽ തുടങ്ങിയ ഇ-ലേല നടപടികൾക്ക് ഇതിനായി നിയോഗിച്ചിട്ടുള്ള ഏജൻസിയായ എം.എസ്.റ്റി.സി.യുമായി ബന്ധപ്പെടാവുന്നതാണ്(ഫോൺ:0471-2529137). കൂടുതൽ വിവരങ്ങൾ എംഎസ്റ്റിസിയുടെ www.mstcecommerce.com എന്ന വെബ്സൈറ്റിൽ നിന്നോ റാന്നി വനം ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ് (ഫോൺ: 04735-227558), ഗൂഡ്രിക്കൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസ് (ഫോൺ: 04735-279063) നിന്നോ അറിയാം.